# CHRISTOS MAR THOMA CHURCH

## KAKKANAD

LIGHTED TO LIGHTEN

CHRISTOS HERALD

Vol: 21 No:3 JULY - AUGUST - SEPTEMBER 2020 For private circulation only




Near VSNL, Kakkanad P.O, Kochi - 682030
0484 2428 661 (Vicar Office/Res.) | +91 94463 28661 | +91 95629 72540
christoskakkanad@gmail.com | pjohnjohn2001@gmail.com | www.christosmarthoma.in



# Vicar's Message



*അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു.*

***(ഹബക്കൂക് 3:17-18)***

**കർത്താവിൽ പ്രിയരെ,**

മനുഷ്യ സമൂഹം ഇന്നോളം കടന്നു പോയിട്ടില്ലാത്ത ഏറ്റവും ഭീതിജനകമായ സാഹചര്യത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നു. ഒരു സൂക്ഷ്മ ജീവിയായ വൈറസിന് മുൻപിൽ ലോകം പകച്ചു നിൽക്കുന്നു. രോഗവും മരണഭീതിയും, മരണവും മനുഷ്യജീവിതത്തെ കീഴ്പ്പെടുത്തുന്നു. ലോകം തന്നെ നിശ്ചലമായ ഒരു അവസ്ഥയിൽ എത്തി നിൽക്കുന്നു. സാമ്പത്തിക മേഖല തകരുന്നു; തൊഴിലിടങ്ങൾ അടയ്ക്കപ്പെടുന്നു ഉപജീവനം അസാദ്ധ്യമാകുന്നു. വിദ്യാഭ്യാസ മേഖലയിൽ അനിശ്ചിതാവസ്ഥ തുടരുന്നു; ആരാധനാലയങ്ങൾ അടഞ്ഞുകിടക്കുന്നു. ഒപ്പം നൊമ്പരപ്പെടുത്തുന്ന ഒരുപാടു ജീവിത കാഴ്ചകൾ!

അന്യ നാടുകളിൽ ഒറ്റപ്പെട്ടവർ, സ്വന്ത നാടുകളിൽ എത്തുവാനായി കാൽനടയായി പോകുന്നവർ, ആ യാത്രയിൽ റെയിൽ പാളങ്ങളിൽ, പാതയോരങ്ങളിൽ ജീവൻ നഷ്ടപെട്ടുപോയവർ, രോഗികളെ ശുശ്രൂഷിച്ചു രോഗം ഏറ്റു വാങ്ങിയവർ, ജീവൻ നഷ്ടപ്പെട്ടുപോയവർ, ഉചിതമായ ശവസംസ്കാരം നടത്തുവാൻ കഴിയാത്ത സാഹചര്യങ്ങൾ. പ്രിയപ്പെട്ടവരോട് അവസാനമായി ഒരു വാക്ക് പറയുവാൻ, അന്ത്യയാത്രയാക്കുവാൻ കഴിയാതെ പോകുന്ന ജീവിത സാഹചര്യങ്ങൾ; അങ്ങനെ സമാനതകൾ ഇല്ലാത്ത ജീവിതാനുഭവങ്ങൾ!

ഇപ്രകാരമുള്ള കാലഘട്ടത്തിൽ ജീവിതം ഇരുളടഞ്ഞെന്നു തോന്നുമ്പോഴും, രോഗവും, ദുഃഖവും, മരണവും കൺമുൻപിൽ യാഥാർത്ഥ്യമാകുമ്പോഴും വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോഴും അടിയുറച്ച ദൈവ വിശ്വാസത്തോട് ഇതിനെയെല്ലാം അതിജീവിക്കുവാൻ കഴിയുന്ന ഇടത്താണ് വിശ്വാസം അർത്ഥപൂർണമായിത്തീരുന്നത്.

ഇങ്ങനെയുള്ള ജീവിതാനുഭവത്തിലൂടെ കടന്നുപോയ ഒരു പ്രവാചകനാണ് ഹബക്കൂക് അദ്ദേഹം പറയുന്നു 'കർത്താവിൽ ഞാൻ ആശ്രയിക്കും എന്റെ രക്ഷയുടെ ദൈവത്തിൽ ഞാൻ സന്തോഷിക്കും' എന്തെല്ലാം പ്രതികൂലങ്ങൾ ജീവിതത്തിൽ നേരിട്ടാലും അതെത്ര തീവ്രമായാലും കർത്താവിൽ ഞാൻ ശരണപ്പെടും പ്രവാചകന്റെ തോറ്റു പോകാത്ത വിശ്വാസം ഈ മഹാവ്യാധിയുടെ കാലത്തു നമുക്ക് കരുത്തും ശക്തിയും പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ കാലഘട്ടം നമ്മെ ഒരുപാടു ജീവിത പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. മനുഷ്യൻ പടുത്തുയർത്തിയ എല്ലാ നേട്ടങ്ങളും ഒറ്റയടിക്ക് തകർക്കുവാനും നിശ്ചലമാക്കുവാനും നിസ്സാരമായ സൂക്ഷ്മ ജീവിക്കു സാധിക്കും എന്നുള്ളതും, ലോകത്തു ഏറ്റവും സമ്പന്നമായ രാജ്യത്തു ജീവിച്ചാലും ദുരന്തങ്ങൾ തേടിവരും എന്ന തിരിച്ചറിവും, ആഡംബര ജീവിതത്തേക്കാൾ ജീവനാണ് വലുത് എന്നും കോവിഡ് കാലം നമ്മെ പഠിപ്പിച്ചു. അതുകൊണ്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രകൃതിയോടും അതിലെ എല്ലാ ജീവജാലങ്ങളോടും ഒരുമനപ്പെട്ടു ജീവിക്കുന്നതിനും, സ്വാർത്ഥതയും, ധൂർത്തും, അഹങ്കാരവും കൈവെടിഞ്ഞു ലളിതമായി ജീവിക്കുന്നതിനും അപരന്റെ ജീവനെ

വിലമതിക്കുന്നതിനും, ജീവന്റെ സംരക്ഷകരായി തീരുന്നതിനും നമുക്ക് ഇടയാകണം. കോവിഡാനന്തര ജീവിതം ഒരു പക്ഷെ നമ്മെ കാത്തിരിക്കുന്നത് സാമ്പത്തിക തകർച്ചയും, തൊഴിലില്ലായ്മയും, ഭക്ഷണ ക്ഷാമവും, ദാരിദ്ര്യവും, മറ്റു ജീവൽ പ്രശ്നങ്ങളുമായിരിക്കാം. എന്നാൽ പ്രതീക്ഷ കൈവെടിയാതെ അതിജീവനത്തിന്റെ പാതയിൽ മുന്നേറുവാനും സഹജീവികൾക്കു തണലേകുവാനും നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ ഒരുമിച്ചുള്ള കൂടിവരവുകൾ എപ്പോൾ സാധ്യമാകും എന്ന് പറയുവാൻ കഴിയുകയില്ല. എന്നാൽ ഇപ്പോൾ സാദ്ധ്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇടവക ക്രമീകരിക്കുന്ന ആരാധനയിലും, പ്രാർത്ഥന യോഗങ്ങളിലും എല്ലാ ഇടവകാംഗങ്ങളും പങ്കുചേരണമെന്നു വീണ്ടും ഓർമ്മപ്പെടുത്തട്ടെ. ഇടവകയായി ക്രമീകരിക്കുന്ന കുടുംബ പ്രാർത്ഥന എല്ലാ ദിവസവും വൈകിട്ട് 7.30 -നു ആരംഭിക്കും. ഈ സമയം ഇടവകാംഗങ്ങൾ എല്ലാവരും കുടുംബമായി പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമേ. ഈ ദിവസങ്ങളിൽ പ്രാർത്ഥന ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാവരേയും പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇടവകയുടെ സാമ്പത്തിക ആവശ്യങ്ങളിൽ നിങ്ങൾ നൽകുന്ന സഹകരണത്തിനായി പ്രത്യേകം നന്ദി അറിയിക്കുന്നു. ഇടവക സന്ധാരണത്തിനു ആവശ്യമായ മാസവരി, മറ്റ് സ്തോത്രകാഴ്ചകൾ, സംഭാവനകൾ കൃത്യമായി നൽകാൻ ഇടവകാംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

ഈ മഹാവ്യാധിയുടെ കാലത്ത് വ്യക്തികളായും, പ്രാർത്ഥനാകൂട്ടങ്ങളായും ആവശ്യങ്ങളിലൂടെ കടന്നു പോകുന്നവർക്ക് കരുതലും, സ്നേഹവും, പങ്കുവയ്ക്കാൻ നമ്മുടെ പ്രിയപ്പെട്ടവർ കാണിച്ച നല്ല മനസിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തും, ജീവൻ രക്ഷാമരുന്നുകൾ എത്തിച്ചു നൽകിയും, കുട്ടികളുടെ ഓൺലൈൻ പഠനത്തിന് സഹായകരമായി TV/ Tab എന്നിവകൾ സംഭാവനകൾ നൽകിയും, സാമ്പത്തിക ക്ലേശങ്ങളിൽ ബുദ്ധിമുട്ടുന്നവർക് സഹായങ്ങൾ നൽകിയും സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. തുടർന്നും ഒരു കരുതൽ സമൂഹമായി ഈ പ്രദേശത്തു നിലകൊള്ളുവാൻ നമുക്ക് ഇടയാകട്ടെ.

ഇടവകയുടെ 2020-'21 വർഷത്തെ ഭരണ സമിതി 2020 ജൂൺ മാസം 1 മുതൽ ചുമതലയിൽ പ്രവേശിച്ചു. കഴിഞ്ഞ വർഷം വിവിധ നിലകളിൽ പ്രവർത്തിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. പുതിയ വർഷത്തെ ഭരണ സമിതിയിയെ പ്രത്യേകം സ്വാഗതം ചെയ്യുന്നു. ഏൽപിച്ചിരിക്കുന്ന ദൗത്യം ഫലകരമായി നിർവഹിക്കുവാൻ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ഏവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും തുടർന്നും പ്രതീക്ഷിക്കുന്നു. ഈ പ്രതിസന്ധിയുടെ നാളുകളിൽ തളരാതെ നിൽക്കുവാൻ സർവ ശക്തനായ ദൈവം നമ്മെ എല്ലാവരെയും ശക്തീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ.

കാക്കനാട്
30 - 06 - 2020

പ്രാർത്ഥനയോടെ
സ്നേഹപൂർവം
നിങ്ങളുടെ **ജോണച്ചൻ**

## FOR SPECIAL ATTENTION

The Bank details of our Parish.
**Christos Mar Thoma Church, AC. No.123010033994**
**Bank of Baroda Kakkanad, IFS Code-BKDN0621230**.
After making the payment, to effect the posting in your favour, please send the details (message/WhatsApp) of the amount, your name, prayer group or Family ID NUMBER, details of payment to each head (subscription/offertory/ wedding anniversary offertory/others) to the appended numbers.
Thomas George (BOBBY): 8943235466/Kunju Mathews 9895311623
Please note that a few bank credits are in suspense account due to lack of details.

# From the **Editor's Desk**

**Alexander A.P**
Editor
+91 96339 78044

Covid-19 നെതിരെയുള്ള lock down -ന്റെയും, നിയന്ത്രണങ്ങളുടെയും സാഹചര്യങ്ങളുമായി നാം പരിചയപെട്ടുകൊണ്ടിരിക്കുന്നു. സാമൂഹിക അകലം സാനിറ്റൈസർ, മാസ്ക്, കൈ കഴുകൽ, ക്വാറന്റൈൻ, തുടങ്ങിയവ ജീവിതത്തിന്റെ ഭാഗങ്ങളായി മാറിക്കഴിഞ്ഞു. ഈ രോഗത്തെ കുറിച്ചുള്ള പരിമിതമായ അറിവുകളും, ധാരണകളും നമ്മെ അസ്വസ്ഥരാക്കുന്നു, ഭയപ്പെടുത്തുന്നു. ഈ മോശമായ പ്രതികൂല ചുറ്റുപാടിലും ഒരു വിശ്വാസിയുടെ മനസ്സിൽ തെളിയുന്ന ചിത്രം സകലത്തിന്മേലും പൂർണ അധികാരവും, നിയന്ത്രണവുമുള്ള യേശുവിന്റെ തേജസുള്ള മുഖം ആണ്. തമ്പുരാൻ അനുവദിക്കാതെ ഒരു മുടി പോലും കൊഴിഞ്ഞു പോകയില്ല. തന്നെയുമല്ല നമ്മുടെ ഭാരങ്ങളും പ്രയാസങ്ങളും ചിന്താകുലങ്ങളും ഏറ്റെടുത്തു കൊള്ളാമെന്ന വാഗ്ദത്തവും തന്നിട്ടുണ്ട്. അതുകൊണ്ട് ധൈര്യമായി യേശുവിന്റെ സന്നിധിയിലേക്ക് നമ്മുടെ ഭാരങ്ങളും, പ്രയാസങ്ങളും, ഭയങ്ങളും, വേദനകളും, രോഗങ്ങളുമായി കടന്നു ചെല്ലാം. തീർച്ചയായും അവിടുന്ന് നമ്മെ ആശ്വസിപ്പിക്കും. എല്ലാ ചരിത്ര സംഭവങ്ങളിലും ആത്യന്തികമായി ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകുന്നുവെന്നുള്ളത് സത്യമാണ്. ഈ കോവിഡ് കാലത്തും അനേകായിരങ്ങൾ തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു യേശുവിലൂടെയുള്ള രക്ഷയുടെ അനുഭവത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതോർത്തു ദൈവത്തെ സ്തുതിക്കുന്നു.

Sept - 20 -നു Senior Citizen Day ആയി സഭ ആചരിക്കുന്നു. 'മുതിർന്ന തലമുറ ഫലദായകത്തിന്റെ ഉടമകൾ' എന്നതാണ് അന്നത്തെ ചിന്താവിഷയം. മുതിർന്നവരെ സ്നേഹിക്കണമെന്നും, ആദരിക്കണമെന്നും, ആവശ്യമായ കരുതൽ നൽകണമെന്നും ദൈവം തമ്പുരാൻ ആവശ്യപ്പെടുന്നു.

Print ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിലും ഈ പ്രാവശ്യത്തെ 'Christos Herald' ഡിജിറ്റൽ ആയി release ചെയ്യുവാൻ സാധിച്ചതിനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ഇതിനു നേതൃത്വം നൽകുകയും തക്ക സമയത്തു വേണ്ട materials നൽകുകയും ചെയ്ത ബഹു. P. J. John അച്ചനെയും, ബഹു. John Geevarghese അച്ചനെയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. മറ്റു സഹായങ്ങൾ ചെയ്തു തന്ന Mrs. Annamma Philip, Trustee Dr. Thomas George, Secretary Mr. Prasad Mathew, Mr. Jacob Varghese എന്നിവരോടുള്ള നന്ദിയും അറിയിക്കുന്നു. എഡിറ്റോറിയൽ ബോർഡിൽ നിന്നും നല്ല സഹകരണം ലഭിച്ചു കൊണ്ടിരിക്കുന്നു.

സർവശക്തൻ തന്റെ ചിറകിന്റെ മറവിൽ നമ്മെയെല്ലാവരെയും സംരക്ഷിച്ചു സാക്ഷ്യമുള്ള ക്രിസ്തീയ ജീവിതം നയിക്കാൻ ഇടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## Area prayer meetings scheduled at 7.30pm on all days except Saturdays and Sundays



| | |
|---|---|
| **Monday** | **Mavelipuram/Thrikkakara** |
| **Tuesday** | **Kakkanad/Smart City** |
| **Wednesday** | **Chitethukara/Padamugal/Satellite** |
| **Thursday** | **Alappat Nagar/NGO** |
| **Friday** | **Chempumukku/ Vazhakkala** |

**Christos Herald Editorial Board:** Rev. P J John Achen, Rev. John Geevarghese Achen, Mr. Alexander A P (Editor), Mr. Prasad Mathew (Secretary), Mr. T S Varghese, Ninan K Eapen, Mr.Joseph Kuruvilla



# Asst. Vicar's Message



## THE COVID-19 RESPONSIBILITY IN LOCKDOWN OF A CHRISTIAN

The lightning fast spread of COVID-19, which emerged in China, has created fear around the world. Just a few months and it is raging around the world, infecting people all over the globe. People are unsure what to do in light of this worldwide infectious disease outbreak. But as we now know that the success in containing COVID-19 hangs on one big strategy – social distancing or quarantine, which has caused authorities around the world to setup lockdown and isolation rules. In most places people cannot meet in large groups which is why we feel miserable due to the non-fellowship in our churches as Our Church still remain closed. But keeping in mind the importance of the guidelines put forward by the government officials to curb the Infection from spreading, we must keep at least two meters distance from others – and if you have been in contact with someone testing positive for the coronavirus then you must quarantine or isolate yourself from any contact with others.




Simultaneously, medical researchers are on the run to find a vaccine. We know, once a vaccine is developed it can be injected into people so that their bodies can develop resistance to the coronavirus.

These extreme procedures to isolate, quarantine, and to develop a coronavirus vaccine, provide a living example for our spiritual Life. That procedure is at the heart of the mission of Jesus and his Gospel of the Kingdom of Heaven. Perhaps it is worthwhile to also understand this spiritual counterpart, so that we are not caught unaware by this threat. The COVID-19 pandemic is instructive in understanding the gospel in terms of sin and the mission of Jesus.

Just as COVID-19 is not pleasant to think about but cannot be avoided, the Bible talks a great deal about sin and its consequences. An image, the Bible uses as an infectious disease that has spread across, and is killing the human race.

*Isaiah 64:6- 'All of us have become like one who is unclean, and all our righteous acts are like filthy rags; we all shrivel up like a leaf, and like the wind our sins sweep us away.'*




Epidemics are diseases but are not the cause of the disease.

AIDS is the disease, which can result in death; HIV is the virus that causes the disease. SARS is the disease, which can result in death; SARS Coronavirus-1 is the virus that causes it.

Now Currently, COVID-19 is the disease, which can result in death and the virus is called SARS Coronavirus-2.


Similarly, the Bible says that sins (plural) are a spiritual disease; sin (singular) is its root, and it results in death. A story connecting disease and death, which Jesus linked to his mission, is the account of snakes infesting the Israelite camp in the time of Moses. Numbers 21:4-9 speaks about this vaccine that the Israelites used which was provided by The Lord God through his trusted Servant Moses. A cure was needed before they were overwhelmed by death.

Death in the physical realm means 'separation of the soul from the body' and in the spiritual realm 'separation of the soul from God'. Like a virus inside us, sin causes immediate spiritual death, which then leads to a certain physical death over time. As we all know, the Bible treats sin as real as COVID-19, but it also points to the vaccine – Jesus Christ as the Saviour.

Jesus once explained his mission using the story above about Moses and the deadly serpents. Think about what would have happened for the people bitten by the snakes. When the serpents infected the Israelites they were told to look at the bronze serpent held up on a pole to be cured. So those bitten by the snakes had to make a choice. They could take standard precautions involving binding the wound tightly and resting to restrict blood flow and spread of the venom. Or they would have to trust the remedy announced by Moses and walk several kilometers, to look at the bronze serpent on the pole. It would be the trust or lack of trust in the word of Moses that would determine each person's course of action.

**As we all know, the Bible treats sin as real as COVID-19, but it also points to the vaccine – Jesus Christ as the Saviour.**

*John 3:14-15 - As Moses lifted up the serpent in the wilderness, even so must the Son of Man be lifted up; so that whoever believes in Him, will have eternal life.*




It was their trust in God that saved them. Is it the same for us? We do not physically look

at the cross, but we trust in that provision given by God to save us from the infection of sin and death. We do not trust our ability to fight off the infection, but trust God that He would help us overcome every hurdle that comes our way through the fellowship and love of Our Lord and saviour Jesus Christ.

*Galatians 5:14 - For the entire law is fulfilled in keeping this one command: "Love your neighbor as yourself."*

This experience leads us to know what Love is as Our Saviour has showed us through His death on the Cross. Love can lead us to know for ourselves what our purpose is, in this world, as Christians. To open our eyes around us and to recognise the people in need with the eyes of Jesus Christ who invites us to be His Ambassadors, and to share the love and provisions that God has given us and by giving it out to the people in need from our neighbourhood and thus overcoming the spiritual death and confirming the presence of God in us.

*Matthew 25:40 - 'Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me.'*



**These eyes can be opened up only by the Light of Jesus Christ, which then, shines through us into the World. And God has entrusted us the Great Responsibility to be the Light of The World.**

Our church and Church members have been instrumental during the last few months, by providing and sponsoring food kits to the people eligible, and also by reaching out to the children in Trivandrum, Ranni, Allapuzha and in Kakkanad, who were in need of TV or Tablets so they could continue their education, provided through the Kite Victors Channel for the children of the Government Schools, an initiative by the Government of Kerala. Yes, there is much more to do and we can do what God has entitled us to do, in the short span of time in this world. There is, so much to do, if we can just open the eyes of compassion and care which has been shut temporarily by the shadows and the fears of the world. These eyes can be opened up only by the Light of Jesus Christ, which then, shines through us into the World. And God has entrusted us the Great Responsibility to be the Light of The World.

*Matthew 5:14-16 - "You are the light of the world... Let your light shine before others, that they may see your good deeds and glorify your Father in heaven."*

**Rev John Geevarghese**
Asst Vicar




**ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ..**

ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മീൻ അവൻ ഒരു പക്ഷെ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു.വി.യോഹന്നാൻ 4:29

"ഇനി ഞാൻ വെള്ളം കോരുവാൻ ഇവിടെ വരെ വരാതിരിക്കുവാൻ ആ വെള്ളം എനിക്കും തരുമോ" എന്നാണ് ശമര്യാകാരി സ്ത്രീ യേശുകർത്താവിനോട് ചോദിക്കുന്നത്. കർത്താവു പറഞ്ഞ ജീവവെള്ളം എന്താണെന്നറിയാതെ ആണ് ശമര്യാസ്ത്രീ വെള്ളം ആവശ്യപ്പെട്ടത്. എന്നാൽ കർത്താവിൽ വിശ്വസിച്ച അവളിൽ നിന്നും വിശ്വാത്തിന്റെ ഒരു ജീവനദി ഒഴുകി അത് ഒരു പട്ടണം മുഴുവൻ യേശു മശിഹായിൽ വിശ്വാസിക്കാൻ ഇടയാക്കി. അങ്ങനെ ആ ശമര്യാ സ്ത്രീ ആദ്യത്തെ അയക്കപ്പെട്ടവൾ ആയി. തൊട്ടുകൂടാത്തവർ എന്നു കരുതുന്നവരെ തൊടുന്നതും സ്നേഹിക്കപെടാൻ അർഹത ഇല്ലാത്തവരെ സ്നേഹിക്കുന്നതും ക്ഷമിക്കാൻ പറ്റാത്തവരോട് ക്ഷമിക്കുന്നതും ആണ് യേശു കർത്താവ് നമുക്കു തന്ന മുഖമുദ്ര. ദൈവമൊഴികൾ സ്വീകരിച്ച് അവനിൽ വിശ്വസിക്കുന്ന വരുടെ ഉള്ളിൽ നിന്നും ജീവനദി ഒഴുകും. അത് അനേകരെ വിശ്വാസത്തിലേക്കും ആശ്വാസത്തിലേക്കും, പ്രത്യാശയിലേക്കും നയിക്കാൻ ഇടയാകും.

'സ്ത്രീകൾ മാറ്റത്തിന് വഴി തെളിക്കുന്നവർ' ഇതാണ് ഈ വർഷത്തെ സേവികാസംഘം പഠന വിഷയം.

ലോകം മുഴുവൻ ഒരു മാറ്റത്തിലായ കാലഘട്ടത്തിൽ കൂടി ആണ് നാം ഇപ്പോൾ കടന്നു പോകുന്നത്. നമ്മുടെ ആരാധനകൾ പോലും പുതിയ അനുഭവത്തിലൂടെ കടന്നു പോകുന്നു. കേവലം ഒരു സോപ്പ് കൊണ്ട് കഴുകി കളയാവുന്ന വൈറസിന്റെ മുന്പിൽ പകച്ചു നില്ക്കുകയാണ് ഇന്ന് ലോകം മുഴുവനും... പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ അദൃശ്യ ശക്തിയോടുള്ള പോരാട്ടം. ആവണക്കിന്റെ തണലിൽ കിടന്നുറങ്ങിയ യോനായെ ദൈവമഹത്വം മനസിലാക്കി കൊടുത്തത് ഒരു ചെറിയ പുഴു ആയിരുന്നു എങ്കിൽ ഈ കൊറോണ കാലം മനുഷ്യൻ എത്ര നിസാരനാണെന്ന് ദൈവം ഒരു വൈറസിൽ കൂടി നമ്മെ കാണിച്ചു തന്നിരിക്കുന്നു.

കൊറോണയേക്കാൾ മനസിന് വിഷമം അനുഭവപ്പെടുന്ന മറ്റൊന്നാണ് വർദ്ധിച്ചു വരുന്ന ആത്മഹത്യകൾ. പ്രത്യേകിച്ചും അവർ ഇളം പ്രായത്തിൽ ഉള്ള കുട്ടികൾ ആകുമ്പോൾ. സ്ത്രീകൾ എങ്ങനെ ആണ് ഇതിനെല്ലാം ഒരു മാറ്റം ഉണ്ടാക്കുക. നമ്മുടെ ഏതു പ്രവർത്തിയാണ് മറ്റുള്ളവരുടെ മാറ്റത്തിന് വഴി തെളിയിക്കുക. സ്ത്രീകളായ നമുക്ക് ചെയ്യാമെന്ന് എനിക്ക് തോന്നിയ ചിലകാര്യങ്ങൾ പങ്ക് വെയ്ക്കുന്നു. അതിനു നമ്മൾ ആദ്യം..

1) **സ്വയം മാറുക.**

മാറ്റം ആദ്യം ഉണ്ടാകേണ്ടത് നമ്മിൽ തന്നെ ആണ്. നമ്മുടെ മനോഭാവത്തിൽ ജീവിത ക്രമങ്ങളിൽ ചിന്തകളിൽ മാറ്റം വേണം. അവനവനിലേക്ക് ഉൾവലിയാതെ മറ്റുള്ളവരേ കരുതുന്നവരും സ്നേഹിക്കുന്നവരും ആയി മാറണം.

2) **കുടുംബബന്ധങ്ങളിലുള്ള മാറ്റം...**

ഇന്ന് സമൂഹത്തിൽ കാണുന്ന പല പ്രശ്നങ്ങളുടെയും ഉറവിടം കുടുംബ പശ്ചാത്തലം ആണ്.

ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബത്തിൽ ഉണ്ടാക്കി എടുക്കണം.

തങ്ങളുടെ ഏതു പ്രശ്നത്തിലും മാതാപിതാക്കൾ ഉണ്ടെന്ന് തോന്നൽ കുഞ്ഞുങ്ങൾക്ക് ധൈര്യവും മാതാപിതാക്കളോട് എന്തും തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യവും നൽകുന്നു. നമ്മുടെ മക്കൾക്ക് നമ്മൾക്കു ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം നാം ദൈവഭക്തരായിരിക്കയും അവരെ ദൈവകൃപ യിൽ വളർത്തുക എന്നതും ആണ്. കൂടുമ്പോൾ ഇമ്പം ഉള്ളതു മാത്രമല്ല ആ ഇമ്പം ആവശ്യത്തിൽ

ഇരിക്കുന്നവരിലേക്ക് ഒഴുകി എത്തുമ്പോഴാണ് അത് യഥാർത്ഥ ക്രിസ്തീയ ഇമ്പമുള്ള കുടുംബം ആയി തീരുന്നത്.

3) **പ്രാർത്ഥനയിലൂടെ മാറ്റം ...**

യേശു കർത്താവ് സ്ത്രീകളെ ഏൽപ്പിച്ച ഒരു ദൗത്യമുണ്ട്. നിങ്ങളെയും നിങ്ങളുടെ മക്കളേയും ചൊല്ലി കരയുവിൻ. ഈ വാക്കുകൾ കർത്താവ് ഇന്നും നമ്മളോട് പറയുന്നു. ഏതൊരു സാധാരണ സ്ത്രീക്കും അതു സാധിക്കും. സ്വന്തം മക്കൾക്ക് വേണ്ടി മാത്രമല്ല, ഇന്നത്തെ തലമുറയേയും വരുവാനുള്ള തലമുറയേയും നമ്മുടെ സഭയേയും സമൂഹത്തേയും ദൈവസന്നിധിയിൽ കണ്ണുനീരോടെ ഓർത്തു പ്രാർത്ഥിക്കുക. തെറ്റായ വഴിയിൽ പോകുന്നവരെ തിരുത്താനും അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും നമുക്ക് സാധിക്കണം. അതിനുള്ള സമയവും മനസും കണ്ടെത്താനുള്ള മാറ്റമാണ് സ്ത്രീകൾക്ക് വേണ്ടത്.

ജോലിത്തിരക്കുകൾക്കിടയിലും പ്രാർത്ഥിക്കുക. നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്ത്യ സന്നിധിയിൽ പകരുക. കുഞ്ഞുങ്ങളുടെ ജീവരക്ഷക്കായി അവങ്കലേക്ക് കൈ മലർത്തുക

രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കുക..(വിലാപങ്ങൾ2:19)

4) **മറ്റുള്ളവരോടുള്ള ഇടപെടലുകളിൽ മാറ്റം...**

ദു:ഖത്തിലും രോഗത്തിലും പ്രയാസത്തിലും ഏകാന്തതയിലും ആയിരിക്കുന്നവർക്ക് നമ്മുടെ ഇടപെടൽ ആശ്വാസം ആയിരിക്കണം. അവർക്ക് നമ്മൾ ഒരു കൈതാങ്ങായിരിക്കണം. മറ്റുള്ളവരുടെ വേദന നമ്മോടു പങ്കിടുമ്പോൾ അവരെ ശ്രവിക്കാൻ, സഹായിക്കാൻ, ആശ്വസിപ്പിക്കാൻ നമുക്ക് കഴിയണം. വിശ്വാസത്തെ പ്രവർത്തിയിലൂടെ കാണിക്കാൻ നമ്മെ തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കണം. നമ്മുടെ പ്രാർത്ഥനയിൽ കൂടി വചനത്തിൽ കൂടി നാം വിശ്വാസം മറ്റുള്ളവർക്ക് പകർന്നു കൊടുക്കണം... വാക്കിലും, നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും മാതൃക ആകണം.

5) **ഇടവകയിലും സഭയിലും വേണ്ട മാറ്റം...**

സേവികാസംഘ ഞായറാഴ്ച പ്രത്യേക 7 അപേക്ഷകൾ ചൊല്ലുന്നതാണ് നമ്മുടെ ആരാധനയിലെ പങ്കാളിത്തം... ദൈവീക പദ്ധതിയിൽ തുല്യ പങ്കാളിത്തം ഉള്ളവരല്ലേ സ്ത്രീകളും. മദ്ബഹായിലെ പ്രവേശനം മാത്രമല്ല ആത്മായ ശുശ്രൂഷ നിർവഹിക്കാൻ പോലും സ്ത്രീകൾക്ക് സാദ്ധ്യമല്ല. വിവാദങ്ങൾ ഉണ്ടാകുമെന്നതു കൊണ്ട് തന്നെ ആവശ്യമായ ഈ മാറ്റത്തിലേക്ക് കൂടുതൽ കടക്കുന്നില്ല.

യേശു കർത്താവ് തന്റെ ഉയർപ്പിനു ശേഷം ഒരു വലിയ ദൗത്യം മറിയയെ ഏല്പിച്ചു. ഉയർപ്പിന്റ സുവിശേഷം. ഈ ദൗത്യം നമുക്കും കർത്താവ് നല്കിയിരിക്കയാണ്. ശിഷ്യന്മാർക്ക് ഭയത്തിന്റെയും നിരാശയുടെയും സ്ഥാനത്ത് പ്രത്യാശയും ധൈര്യവും നല്കിയ പോലെ ഇടവകക്കും സഭയ്ക്കും തക്കസമയങ്ങളിൽ ആവശ്യമായ കൈതാങ്ങലും സഹകരണവും നൽകുവാൻ നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ ധ്യാനങ്ങളും ആരാധനയും എല്ലാം വ്യക്തികളായും കുടുബങ്ങളായും സഭകളായും ചൈതന്യമുള്ള ക്രിസ്തീയ ജീവിതം നയിക്കാൻ ഇടയാകണം. നമ്മുടെ കൂടെ ഇരുന്ന് ആരാധിക്കുന്ന ആളിന്റെ പ്രയാസങ്ങളും മനോവിഷമങ്ങളും നാം അറിയുന്നില്ല എങ്കിൽ നമ്മുടെ ആരാധനക്ക് എന്ത് അർഥം ആണ് ഉള്ളത്.?

ഏറ്റവും ശുഷ്ക്കമായിട്ടുള്ളതായിരിക്കാം നമ്മുടെ ജീവിതത്തിൽ ഉള്ളത്. എന്നാൽ അതിനെ ദൈവത്തിനു സമർപ്പിക്കുമ്പോൾ ദൈവരാജ്യ നിർമിതിയിൽ നാം പങ്കാളികളാകുന്നു

6) **പ്രകൃതിയോടുള്ള ഇടപെടലുകളിൽ മാറ്റം വേണം..**

മണ്ണിനോടും കാലവസ്ഥയോടും കാട്ടുമൃഗങ്ങളോടും പടവെട്ടി പൊരുതി കൃഷി ചെയ്തിരുന്നവരാണ് ആണ് നമ്മുടെ പൂർവികർ. മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട് മണ്ണിലേക്ക് മടങ്ങുന്ന മനുഷ്യൻ ഇന്ന് മണ്ണുമായുള്ള ബന്ധത്തിൽ നിന്നും അകന്നു. പരിപാവനമായി സൂക്ഷിക്കാൻ ദൈവം നല്കിയ പ്രകൃതിയേ മനുഷ്യൻ മലിനമാക്കി. ശുചിത്വം കുറഞ്ഞു. ശുദ്ധ ജലവും നല്ല വിളകളും ഇല്ലാതെ ആയി. അതോടെ രോഗപ്രതിരോധ ശക്തി കുറഞ്ഞു. രോഗങ്ങൾ വർദ്ധിച്ചു. ഈ അവസ്ഥയിൽ നിന്നും ഒരു മാറ്റം അനിവാര്യമാണ്. വ്യക്തിത്ത ശുചിത്വത്തോടൊപ്പം പരിസരം ശുചീകരണത്തിലും കൂടുതൽ ശ്രദ്ധിക്കണം. വീട്ടാവശ്യത്തിനുള്ള പച്ചകറികൾ നമ്മൾ സ്വയം കൃഷി ചെയ്യണം. അടുക്കള മാലിന്യങ്ങൾ കംബോസ്റ്റുവളങ്ങൾ ആക്കണം. പരിസരവും ചുറ്റുപാടുകളും മാലിന്യരഹിതമാക്കണം. അങ്ങനെ പ്രകൃതി യെ സംരക്ഷിക്കുന്നതിൽ പങ്കാളികൾ ആകാം. മാറ്റങ്ങളുടെ ലോകത്തിൽ ജീവിക്കുമ്പോൾ മാറ്റമില്ലാത്ത ദൈവകൃപയിൽ ആശ്രയിക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഇടയാക്കട്ടെ..

പ്രാർത്ഥനയോടെ...

**Annamma Philip**














## Worship live stream from Christos Mar Thoma Church, Kakkanad


**LIVE STREAMING**

**Live streaming Worship at 8 AM on all Sundays**
www.youtube.com/c/CMTCKakkanad
(Subscribe our *YouTube* channel and get the updates)

# Area Prayer Meetings













Savika Sanghom Meeting




Edavaka Mission Meeting




Young Couples Meeting



Sunday School online meeting for kids on May 24, 2020




Online Youth Meeting for the Yuvajana Sakhyam held on 3 May, 2020

**CHAIN PRAYER**

On all Monthly first Tuesdays from 6 AM to 6 PM
Contact Persons: Alexander A P (9633978044)
or P Kunju Mathews (9895311623)





**By God's Grace Satellite Prayer Area could distribute food kits to 90 very needy families. We praise the LORD for Jacob Varghese and others who undertook this initiative and every member who extended generous support to this great mission.**

# Obituary



**Sara Thomas (53)**

W/o Mr. Ebby Varghese
Date of death : 12/05/2020
Area: Vazhakkala



**Dr. Mathew M.M (85)**

Date of death : 25/06/2020
Chittethukara Prayer Group

*Praying for Peace and comfort of the bereaved family*

## Christos MarThoma Sunday School

We are conducting online Sunday School Classes. Those who could not join yet, please contact Head Master **Mr. John Thomas (Phone +91 99472 14131)** or the respective teachers.

## Sabha's Special Days | 2020

| | |
|---|---|
| July 3 | St.Thomas Day |
| July 5 | Tithe Sunday |
| July 25 | St. James Day |
| August 1 | 15th Lent begins |
| August 2 | Mission Sunday |
| September 6 | Education Day |
| September 13 | Sevika Sangham Day |
| September 20 | Senior Citizen Day |
| September 21 | St. Mathews Day |
| September 27 | CSI Formation Day |

## MARRIAGE

*May the Lord's blessings guard and guide you all the way!*



**Roshan P Mathews & Nidhi Ann Abraham**
Date of Marriage: 25th May 2020
Area: Chittethukara



**Jerome Samuel & Indira Sussan**
Date of Marriage: 20th June 2020
Area: Thrikkakara




നവതി ആഘോഷിക്കുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് കാക്കനാട് ക്രിസ്റ്റോസ് മാർത്തോമ്മാ ഇടവകയുടെ ആശംസകൾ










*If my people, who are called by my name, will humble themselves and pray and seek my face and turn from their wicked ways, then I will hear from heaven, and I will forgive their sin and will heal their land.*

2 Chronicles 7:14



*Jesus looked at them and said, "With man this is impossible, but with God all things are possible."*

Matthew 19:26

Published by Prasad Mathew, Secretary, Christos Mar Thoma Church, Kakkanad.
Mob +91 94460 94932. Published at Kochi

www.christosmarthoma.in